**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഗെയിൽ പൈപ്പ് ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പൂർത്തിയായോ; ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്ക് എത്ര ഹെക്ടർ ഭൂമി ആണ് ഏറ്റെടുത്തതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതാണ്. ഗെയിൽ പൈപ്പ് ലൈനിന്റെ കേരളത്തിലൂടെയുള്ള മൊത്തം ദൈർഘ്യം 514 കി.മി. ആണ്. മൊത്തം 514 കി.മി ൽ 20 മീ. വീതിയിലുള്ള ഭൂമിയാണ് ഗെയിൽ ഉപയോഗാവകാശത്തിനായി ഏറ്റെടുത്തിരിക്കുന്നത്. ഉപയോഗാവകാശത്തിനായി ഏറ്റെടുത്ത ഭൂമിയിൽ ഭൂവുടമകൾക്ക് 20 മീറ്ററിലുള്ള കൃഷിക്കും, 10 മീറ്ററിലുള്ള ഭൂമിക്കുമാണ് നഷ്ടപരിഹാരം നല്കി വരുന്നത്. |
| (ബി) | ഏറ്റെടുത്ത ഭൂമിയുടെ ഉടമസ്ഥർക്ക് മുഴുവൻ തുകയും നഷ്ടപരിഹാരം നൽകിയോ; ആകെ എത്ര കോടി രൂപയാണ് ഭൂമി ഏറ്റെടുക്കുന്നതിന് നൽകിയതെന്ന് അറിയിക്കുമോ; | (ബി) | ഉപയോഗാവകാശത്തിനായി ഏറ്റെടുത്ത ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന പ്രമാണം ഹാജരാക്കി എല്ലാ ഭൂവുടമകൾക്കും നഷ്ടപരിഹാരം നല്കിയിട്ടുള്ളതാണ്. ബാക്കിയുള്ള ഭൂവുടമകൾക്ക് പ്രമാണങ്ങൾ ഹാജരാക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നല്കി വരുന്നു. ഗെയിൽ പദ്ധതിക്കു വേണ്ടി ആകെ 404 കോടി രൂപയുടെ അവാർഡ് പാസ്സാക്കിയിട്ടുണ്ട്. ഈ404 കോടി രൂപയിൽ നിന്നും 372 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളതുമാണ്. |
| (സി) | പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് കിട്ടി തുടങ്ങിയോ; എന്തെല്ലാം പ്രയോജനമാണ് പദ്ധതിയിലൂടെ ലഭ്യമാകുന്നതെന്ന് അറിയിക്കുമോ; | (സി) | പദ്ധതി കൊണ്ടുള്ള സാധാരണ ജനങ്ങൾക്കുള്ള നേരിട്ടുള്ള ഉപകാരം സി.ജി.ഡി വഴി അവർക്ക് ചുരുങ്ങിയ വിലയിൽ സി.എൻ.ജിയും, പി.എൻ.ജിയും ലഭ്യമാകും എന്നതാണ്. |
| (ഡി) | പദ്ധതിയിലൂടെ വാഹനങ്ങൾക്ക് ഇന്ധനം ലഭ്യമായി തുടങ്ങിയോ; പദ്ധതിയിലൂടെ വാഹനങ്ങൾക്ക് ഇന്ധനം നൽകുന്ന പ്രവർത്തിക്കുന്ന പമ്പുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | വാഹനങ്ങൾക്കുള്ള സി.എൻ.ജി നല്കേണ്ട ചുമതല ജില്ലകളിൽ സി.ജി.ഡി പദ്ധതി നടപ്പിലാക്കുന്ന കമ്പനികൾക്കാണ്. സി.ജി.ഡി കമ്പനികൾക്ക് വാതകം നല്കുന്ന നടപടിക്രമങ്ങൾ എറണാകുളം ജില്ലയിൽ പൂർത്തിയായിട്ടുള്ളതും മറ്റ് ജില്ലകളിൽ |

| | | | |
|---|---|---|---|
| | | | വാതകം എത്തിക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. |
| (ഇ) | ഗെയിൽ പദ്ധതിയുടെ ഭാഗമായി എത്ര വീട്ടുകളിൽ പാചക വാതകം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ഇ) | നിലവിൽ ഗെയിൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് എറണാകുളം ജില്ലയിൽ മാത്രമാണ് പ്രകൃതി വാതകം നല്കുന്നത്. എറണാകുളം ജില്ലയിൽ 24 മണിക്കൂറും വീടുകളിൽ ഗ്യാസ് ലഭ്യമാകുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി 8114 ൽ പരം വീട്ടുകളിൽ പാചക വാതകം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 13498 വീട്ടുകളിൽ കണക്ഷനുകൾ ലഭ്യമാക്കുന്ന ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചറും ചെയ്തിട്ടുണ്ട്. |
| (എഫ്) | പദ്ധതിയുടെ ഉപയോഗത്തിലൂടെ നികുതി വരുമാനം കിട്ടി തുടങ്ങിയോയെന്ന് അറിയിക്കുമോ; | (എഫ്) | നടപ്പ് സാമ്പത്തിക വർഷത്തിൽ (01.04.2021-31.12.2021 വരെ) പ്രകൃതി വാതകം വാങ്ങുന്നതിലേക്കും, വിറ്റു വരവിലേക്കുമായി, GAIL, GSI ഇനത്തിൽ 21.24 കോടി രൂപ സമാഹരിച്ചിട്ടുള്ളതും, ITC (Input Tax Credit) എടുത്തതിന് ശേഷം 17.34 കോടി രൂപ സർക്കാരിലേക്ക് നിക്ഷേപിച്ചിട്ടുമുണ്ട്. അതുപോലെ VAT ഇനത്തിൽ 55.32 കോടി രൂപ സമാഹരിച്ചതിൽ ITC എടുത്തതിന് ശേഷം 27.95 ലക്ഷം രൂപയും സർക്കാരിലേക്ക് അടച്ചിട്ടുണ്ട്. |
| (ജി) | അടുത്ത അഞ്ചു വർഷം പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ? | (ജി) | വരും വർഷങ്ങളിൽ പ്രകൃതി വാതകത്തിന്റെ ഉപയോഗം ആനുപാതികമായി വർദ്ധിക്കുന്നതിലൂടെ നികുതി വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ